**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5096** **20-07-2022 - ൽ മറുപടിയ്ക്ക്**

**ആധുനിക രീതിയിൽ സർവ്വേ നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ ഭൂ സർവ്വേ നടത്താൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021 ലെ സ.ഉ (കൈ)നം. 24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, 27-08-2021 ലെ സ.ഉ. (സാധാ)നം 364/2021/പി & ഇ.എ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07-2022 ലെ സ.ഉ(കൈ) നം 15/2022/പി & ഇ.എ പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.<br><br>Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK Rover), Robotic Electronic Total Station (R-ETS), DRONE തുടങ്ങിയ നൂതന സർവ്വെ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിട്ടന്നത്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവ്വെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള വിവിധ പ്രാഥമിക നടപടികളും പൂർത്തീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | * സംസ്ഥാനത്ത് ആവശ്യമായ 28 COR സ്റ്റേഷനുകളിൽ 25 സ്റ്റേഷനുകൾ പ്രവർത്തനക്ഷമമായിട്ടുള്ളതും, 3 സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്.<br><br>* 1500 സർവ്വെയർമാരെയും 3200 ഹെൽപ്പർമാരെയും കരാടിസ്ഥാനത്തിൽ എംപ്ലോയ്മെന്റിൽ നിന്നും നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>* പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധതലങ്ങളിൽ ബോധവൽക്കരണ ശിൽപ്പശാലകൾ (IEC Activity) സംഘടിപ്പിച്ചുവരുന്നു.<br><br>* ലാൻഡ് റവന്യൂ വകുപ്പുമായി സംയോജിച്ച് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>* ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളുടെ ReLIS ഡാറ്റാ പ്യൂരിഫിക്കേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്.<br><br>* 200 വില്ലേജുകളുടെ ലഭ്യമായ മുൻ സർവ്വെ റെക്കോർഡുകളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുണ്ട്.<br><br>* പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. ഇതിനാവശ്യമായ സമഗ്രമായ സോഫ്റ്റ് വെയർ സംവിധാനം NIC മുഖേന തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു. |
| (ബി) | റീ സർവ്വേ നടപടികളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വെ ജോലിയിൽ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഒരു സെറ്റിൽമെന്റ് സംവിധാനം കൂടി ഏർപ്പെടുത്തി പരാതിക്ക് ഇടനൽകാത്തവിധം സർവ്വെ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ